E8

14.02.2020

| | |
|---|---|
| CE | |
| DCE | |
| AO | |
| AA | |
| JS | |

Office of the Chief Engineer
LSGD, Thiruvanan...

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ്—സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന കായിക താരങ്ങൾക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്

G. O. (Ms.) No. 244/2019/GAD. *തിരുവനന്തപുരം, 2019 ഡിസംബർ 13.*

പരാമർശം:—1. 20-5-2006-ലെ സ. ഉ. (കൈ.) നമ്പർ 127/2006/പൊ.ഭ.വ. നമ്പർ ഉത്തരവ്.

2. 10-10-2017-ലെ സ. ഉ. (കൈ.) നമ്പർ 314/2017/പൊ.ഭ.വ. നമ്പർ ഉത്തരവ്.

ഉത്തരവ്

സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായികതാരങ്ങളുടെ സേവനം സംബന്ധിച്ച് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായിക താരത്തിന് 35 വയസ് പൂർത്തിയാകുകയോ അല്ലെങ്കിൽ 'Active Sports'-ൽ നിന്ന് വിരമിക്കുകയോ ഏതാണോ ആദ്യം ആയതുവരെ സൂപ്പർ ന്യൂമററി തസ്തികയിൽ തുടരേണ്ടതും അതിനുശേഷം നിയമനം ലഭിച്ച വകുപ്പിൽ പ്രസ്തുത തസ്തികയിൽ അടുത്തതായി ഉണ്ടാകുന്ന ഒഴിവിൽ ടിയാളിനെ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

GCPT. 3/3980/2019/S-5.

സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി മുഖേന സംസ്ഥാന സർക്കാർ സർവ്വീസിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന കായിക താരങ്ങൾക്ക് റെഗുലർ തസ്തികയിൽ ഉൾക്കൊള്ളിക്കുന്ന തീയതിക്ക് മുമ്പുള്ള കാലയളവിലും ഇൻക്രിമെന്റിന് അർഹതയുണ്ട് എന്ന് സ്പഷ്ടീകരണം നൽകി പരാമർശം രണ്ട് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ സ്പോർട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന കായികതാരങ്ങൾക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് വിവിധ വകുപ്പുകൾ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സ്പോർട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായികതാരങ്ങൾക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിക്കുന്ന കായികതാരങ്ങൾ അവർ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുവാൻ ആരംഭിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന മാസം 1-ാം തീയതി പ്രാബല്യത്തിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 33-ലെ വ്യവസ്ഥകൾക്ക് വിധേയമായി വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണ്. നിയമനം ക്രമീകരിക്കുമ്പോൾ അവർ റഗുലറൈസേഷന് തൊട്ടുമുൻപ് ഏതു സ്റ്റേജിലാണോ ശമ്പളം വാങ്ങിയിരുന്നത് ആ സ്റ്റേജിൽ തന്നെ ശമ്പളം നിർണ്ണയിക്കുന്നതാണ്. തുടർന്നുള്ള ഇൻക്രിമെന്റുകൾ താഴെപറയുന്ന പ്രകാരം അനുവദിക്കാവുന്നതാണ്.

(i) പ്രൊബേഷൻ രണ്ട് വർഷമാണെങ്കിൽ ക്രമീകരണത്തിനുശേഷമുള്ള രണ്ട് ഇൻക്രിമെന്റുകൾ സാധാരണ ഇൻക്രിമെന്റ് തീയതികളിലും മൂന്നാമത്തെ ഇൻക്രിമെന്റ് തീയതിക്ക് മുൻപ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ടി ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും അനുവദിക്കുന്നതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാത്ത കേസുകളിൽ മൂന്നാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.



(ii) പ്രൊബേഷൻ ഒരു വർഷമാണെങ്കിൽ ക്രമീകരണത്തിനുശേഷമുള്ള ആദ്യ ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും രണ്ടാമത്തെ സാധാരണ ഇൻക്രിമെന്റ് തീയതിക്ക് മുൻപ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ടി ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും അനുവദിക്കുന്നതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാത്ത കേസുകളിൽ രണ്ടാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

(iii) നിയമനം ക്രമീകരിക്കുന്ന തീയതിയും ഇൻക്രിമെന്റ് തീയതിയും ഒന്നാകുന്നപക്ഷം തുടർന്നുള്ള ഇൻക്രിമെന്റുകൾ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 37 B(a)(b) എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

ഇപ്രകാരം ഇൻക്രിമെന്റ് അനുവദിക്കുന്നതുകൊണ്ട് ഈ ജീവനക്കാർക്ക് സ്ഥിരം ഒഴിവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടവരുടെ മേൽ സ്ഥിരപ്പെടുത്തലിനോ, സീനിയോറിറ്റിക്കോ, സമയബന്ധിത ഹയർ ഗ്രേഡ്, ഉദ്യോഗക്കയറ്റം മുതലായ മറ്റ് സേവന ആനുകൂല്യങ്ങൾക്കോ യാതൊരു മുൻഗണനാവകാശവും ഉണ്ടായിരിക്കുന്നതല്ല. സൂപ്പർ ന്യൂമററി സേവനകാലം ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിനും പരിഗണിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ആർ. യമുന,

*അഡീഷണൽ സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
എല്ലാ വകുപ്പ് തലവന്മാർക്കും.
ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (18-10-2019-ലെ E. No. 1074132/EXP. A2/17/2019/Fin. പ്രകാരം).
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.